**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3559** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിൽ കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ വേനൽക്കാലത്ത് ഇടുക്കി ജില്ലയിൽ എത്ര രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2024 ഫെബ്രുവരി - ഏപ്രിൽ മാസങ്ങളിൽ ഉണ്ടായ കടുത്ത വരൾച്ച മൂലം ഇടുക്കി ജില്ലയിൽ പ്രത്യക്ഷമായി 175.54 കോടി രൂപയുടേയും പരോക്ഷമായി 72.20 കോടി രൂപയുടേയും പ്രാഥമിക നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. വരൾച്ച മൂലം ജില്ലയിലെ 33722 ഹെക്ടർ സ്ഥലത്തെ കാർഷിക വിളകൾക്ക് നാശം സംഭവിച്ചിട്ടുണ്ട്. 29743 കർഷകരുടെ കൃഷി നശിച്ചു.<br><br>ജില്ലയിലെ ഏലം, കുരുമുളക് എന്നീ വിളകൾക്കാണ് വ്യാപക നാശം ഉണ്ടായത്. 15731 ഹെക്ടർ സ്ഥലത്തെ ഏലം കൃഷി പൂർണമായും നശിച്ചുപോയി. |
| (ബി) | കൃഷിനാശം ഉണ്ടായ കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) വരൾച്ച ബാധിതരായ കർഷകരെ സഹായിക്കുന്നതിനായി, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണങ്ങൾക്കുമുള്ള അടിയന്തിര പരിപാടി പദ്ധതിയിൽ ഉഷ്ണതരംഗം മൂലമുണ്ടായ കൃഷി നാശത്തിനു ചെറുകിട നാമമാത്ര കർഷകർക്കും, ഇതര കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി |

നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർ എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചു വരുന്നു.

ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.

പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

2) നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4) വരൾച്ച മൂലം കൃഷിനാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിനും, നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും, ജലസേചന അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും, സംയോജിത വളപ്രയോഗവും കീട നിയന്ത്രണവും നടപ്പിലാക്കുന്നതിനും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ആയി ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഇതിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ കഴിയുന്ന വരൾച്ച പ്രതിരോധ മാർഗങ്ങൾ, ഭൂഗർഭ ജലവിതാനം ഉയർത്തുന്ന പ്രവർത്തികൾ, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ (കോണ്ടൂർ ബണ്ട്, തടയണ, തട്ടുതിരിക്കൽ മുതലായവ), സൂക്ഷ്മ ചെറുകിടജലസേചന പ്രവർത്തികൾ,

| | | | |
|---|---|---|---|
| | | | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കിണർ റീചാർജിങ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ആകെ എത്ര രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ നേരിട്ട് കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടവും 118.69 കോടി രൂപയുടെ പരോക്ഷ നഷ്ടവും ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. |

സെക്ഷൻ ഓഫീസർ